# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം- 1228 03.12.2015 -ൽ മറുപടി പറയേണ്ടിയിരുന്നത്

## വ്യാജ രേഖ ചമച്ച് പട്ടയം ലഭ്യമാക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ശ്രീ. അടൂർപ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പമന്ത്രി) |
| എ) പയ്യന്നൂർ പെരിങ്ങോം വില്ലേജിൽ വ്യാജ രേഖ ചമച്ച് പട്ടയം ലഭ്യമാക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്സുകളുടെ കാര്യത്തിൽ വിശദീകരണ പത്രിക സമർപ്പിക്കണമെന്ന കോടതി ഉത്തരവ് പാലിക്കാതിരുന്ന സാഹചര്യം വിശദീകരിച്ച് ചീഫ് സെക്രട്ടറി ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ;<br><br>ബി) കേസ് നടത്തിപ്പിൽ സർക്കാർ അഭിഭാഷകരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ പരിശോധിക്കുകയുണ്ടായോ എന്നും ഗുരുതര വീഴ്ചകൾ വരുത്തിയവർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ? | എ) യും ബി) യും<br>പയ്യന്നൂർ പെരിങ്ങോം വില്ലേജിൽ വ്യാജ രേഖ ചമച്ച് പട്ടയം ലഭ്യമാക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്സുകളുടെ നടത്തിപ്പിൽ സർക്കാർ അഭിഭാഷകരുടെ ഭാഗത്തുനിന്നും ഒരു വീഴ്ചയും ഉണ്ടായിട്ടില്ല. എന്നാൽ ബഹു.കേരള ഹൈക്കോടതിയിലെ Crl.M.C.Nos.5111, 5345, 5613, 5706 & 7070 of 2014 എന്നീ കേസുകളിലെ 31.07.2015-ലെ ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം ചീഫ് സെക്രട്ടറി അന്വേഷണം നടത്തുകയും റിപ്പോർട്ട് ഹൈക്കോടതി രജിസ്ട്രാർ ജനറലിന് നേരിട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 211-ൽ "സുപ്രീം കോടതിയിലെയോ ഒരു ഹൈക്കോടതിയിലെയോ ഏതെങ്കിലും ജഡ്ജി തന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്ന രീതിയെപ്പറ്റി ഒരു സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിൽ യാതൊരു ചർച്ചയും ഉണ്ടാകുവാൻ പാടുള്ളതല്ല" എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. കൂടാതെ, ബഹു.സുപ്രീംകോടതിയിലെ സ്പെഷ്യൽ റഫറൻസ് നം.1/1964 എന്ന കേസിൽ (1965 എ.ഐ.ആർ (എസ്.സി) 745-ാം ഖണ്ഡിക 67-ൽ) ചുമതലകൾ നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട ഒരു ന്യായാധിപന്റെ കോൺടെക്റ്റ് സഭയ്ക്കുള്ളിൽ ചർച്ച ചെയ്യാൻ നിയമപരമായി കഴിയില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ബഹു.ചീഫ് സെക്രട്ടറി ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ട് ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതാകയാൽ ഈ വിഷയത്തിൽ സഭയിൽ ചർച്ച ചെയ്യുന്നതിനോ കോടതിയുടെ പരിഗണനയിലിരിയ്ക്കുന്ന റിപ്പോർട്ട് ബഹു.കേരള നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനോ സാദ്ധ്യമല്ലാത്ത അവസ്ഥയാണുള്ളത് |

സെക്ഷൻ ഓഫീസർ